**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4385** **18-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ അഴിമതി തടയാൻ നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതി ഇല്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS തസ്തികയിൽ ഉള്ള സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.<br><br>കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്കരീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണ ത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)- ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ ബാങ്കുകളിൽ ക്രമക്കേടുകൾ ഉണ്ടായാൽ ആയവ കൃത്യമായും കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആഡിറ്റർമാരെയും ഇൻസ്പെക്ടർമാരെയും ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ |

| | | | |
|---|---|---|---|
| | | | ടീം രൂപീകരിച്ച് സംഘങ്ങളിൽ പരിശോധനകൾ തുടർച്ചയായി നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനു വേണ്ടി ഇത്തരം നടപടികൾ ഉണ്ടാകുന്ന അവസരത്തിൽ കർശന നടപടികൾ സ്വീകരിക്കുന്ന വ്യവസ്ഥകൾ പുതിയ നിയമ പരിഷ്കരണത്തിൽ ഉൾപ്പെടുത്തുന്നതാണ്.<br><br>സഹകരണ വിജിലൻസ് സംവിധാനം, നിയമപരമായ അന്വേഷണ അധികാരം നൽകി പുനഃ സംഘടിപ്പിക്കുന്നതാണ്. |
| (ബി) | സഹകരണ സംഘങ്ങളിൽ നടക്കുന്ന അഴിമതികൾ ആരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനും കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ട് വരുന്നതിനും ഇന്റേണൽ ഓഡിറ്റ് വിഭാഗം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇന്റേണൽ ഓഡിറ്റർ തസ്തിക നിലവിലുള്ള സംഘങ്ങളിൽ ടി ഉദ്യോഗസ്ഥൻ ബ്രാഞ്ചുകൾ ഉൾപ്പെടെ സംഘത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം പരിശോധന നടത്തി ഭരണസമിതിക്ക് എല്ലാ മാസവും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ഇന്റേണൽ ഓഡിറ്റർ തസ്തിക നിലവിലില്ലാത്ത സംഘങ്ങളിൽ മേൽ പ്രകാരമുള്ള പരിശോധന സംഘം സെക്രട്ടറി നിർവ്വഹിച്ച് റിപ്പോർട്ട് എല്ലാ മാസവും ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 38/2021 മുഖേന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്റേണൽ ആഡിറ്റ് സംവിധാനം പരിഷ്കരിക്കുന്നതിനുള്ള മറ്റ് നടപടികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ യഥാസമയം കണ്ടെത്തി തടയുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തുന്നതിനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ